# 9

# ഒമ്രി

# ദൈവത്തെക്കൂടാതെയുള്ള വിജയം

*വേദഭാഗം: 1 രാജാക്കന്മാർ 16:23–28*

തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഒരു വലിയ നേട്ടവും ഭയങ്കരമായ ഒരു ഉത്തരവാദിത്വവുമാണ്. നമ്മുടെ സ്വഭാവങ്ങളും അന്തിമ സ്ഥാനങ്ങളും നമുക്ക് തിരഞ്ഞെടുക്കുവാനുള്ള അവസരം നമുക്ക് ഒരുക്കിയിരിക്കുന്നത് എത്ര മഹത്തായ കാര്യമാണ്! ഈ സത്യത്തെ പോലെ മനുഷ്യ ജീവിതം, ദൈവത്തെക്കുറിച്ചുള്ള സൂചനകൾ എന്നിവ ആരംഭം മുതൽ അവസാനം വരെ നോക്കിയാൽ ഈ ആശയത്തിനുള്ളതിനേക്കാൾ ഘനം മറ്റൊന്നിനു കാണുകയില്ല. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമ്മുടെ ഹൃദയത്തിൽ നിന്ന് വേണമെങ്കിൽ ദൈവത്തെ എന്നേക്കുമായി പുറത്തു നിർത്തുവാനുള്ള അവകാശം കൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രപഞ്ചത്തിന്റെ അധികാരിയും, സൃഷ്ടികർത്താവും, പരമോന്നതനുമായ ദൈവത്തെ "ഇല്ലാ" എന്നു പറയുവാനുള്ള അവകാശം അവൻ നമുക്ക് നൽകിയിരിക്കുന്നു!

**ദൈവവും സ്വതന്ത്ര തിരഞ്ഞെടുപ്പും**

സ്വാതന്ത്ര്യ ദാനത്തിൽ, ചിന്ത, തീരുമാനം, മനുഷ്യന്റെ തോന്നൽ എന്നിവ അവൻ ഉൾപ്പെടുത്തിയിരിക്കുന്നു. സ്നേഹത്താൽ തിരഞ്ഞെടുത്തുകൊണ്ടാണ് നാം അവനെ ആരാധിക്കുന്നത്, അവൻ ആരാണെന്നു തിരിച്ചറിഞ്ഞ്കൊണ്ട്, അല്ലാതെ നിർബന്ധിക്കുന്നത് കൊണ്ടല്ല. ദൈവം തന്നെ തള്ളിക്കളയാതിരിക്കേണ്ടതിനും അവനെ സേവിക്കുവാനുള്ള അവസരം നല്ലതാണെന്നും, ശരിയാണെന്നും മനസിലാക്കിയാണ് നാം ചെയ്യുന്നത്. ദൈവത്തിന്റെ ആ മനസ് മനുഷ്യരെ ദൈവീകമായ സമ്മതം തിരഞ്ഞെടുക്കുന്നതിലേക്ക് നയിക്കുന്നു.

ദൈവം നമുക്ക് മനസ്സു തന്നിരിക്കുന്നത്, അന്വേഷിച്ച്, തരം തിരിച്ച്, ശ്രേഷ്ടമായതും, നീതിയുള്ളതും, നല്ലതുമായവ തിരഞ്ഞെടുക്കുവാനാണ്, അതേ സമയം തിന്മ തിരഞ്ഞെടുക്കുവാനുള്ള സാദ്ധ്യതയും നൽകിയിരിക്കുന്നു. നന്മയുണ്ടെന്ന തിരിച്ചറിവ് മനുഷ്യനുള്ളതുപോലെ തിന്മ ഉണ്ടെന്നുള്ള തിരിച്ചറിവും അവൻ മനുഷ്യർക്കു നൽകിയിരിക്കുന്നു.

**മനുഷ്യനും സ്വതന്ത്ര തിരഞ്ഞെടുപ്പും**

മനുഷ്യന്റെ സത്തയും സ്വഭാവവും, മനുഷ്യൻ എന്താണെന്നും ചൂണ്ടിക്കാണിക്കുന്നതാണ് മനുഷ്യന്റെ ധാർമ്മിക സ്വാതന്ത്ര്യം. അവൻ ഒരു റോബോട്ടോ ബുദ്ധിയില്ലാത്ത മൃഗമോ അല്ല, എന്നാൽ ദൈവത്തിന്റെ രൂപമായ ചിന്തിക്കുന്ന ആത്മാവായിട്ടാണ്. അവന് ചിന്തിക്കുവാനും സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും കഴിയും; അവന് വെറുക്കുവാനും, നിന്ദിക്കുവാനും, തള്ളിക്കളയുവാനും കഴിയും.

മനുഷ്യന്റെ സ്വാതന്ത്ര്യം വിലകൂടാതെ ലഭിച്ചതല്ല, കാരണം അവന്റെ ചിന്തകൾക്കും പ്രവൃത്തികൾക്കും തന്നെ സൃഷ്ടിച്ചാക്കിയവനോട് അവന് ഉത്തരവാദിത്വം ഉണ്ട്. ആ സ്വാതന്ത്ര്യം നമുക്കു നൽകുവാൻ ദൈവത്തിനു സാഹസത്തിലേർപ്പെടേണ്ടിവന്നു. എന്നാൽ, അതുള്ളതുകൊണ്ട് നാം സാഹസത്തിലുമാണ്. നാം ദൈവത്തേയും സത്യത്തേയും തള്ളിക്കളഞ്ഞാൽ, നാം എടുത്ത തെറ്റായ തിരഞ്ഞെടുപ്പുകൾക്ക് കണക്ക് കൊടുക്കേണ്ടിവരും. നേട്ടത്തിന് ഉത്തരവാദിത്വം ആവശ്യമാണ്.

**സ്വതന്ത്രമായ തിരഞ്ഞെടുപ്പും ജീവിതവും**

തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകി മനുഷ്യവർഗ്ഗത്തെ ദൈവം നിലനിർത്തിയിരിക്കയാണ്. അതേ, അവന്റെ പാലനത്തിനു പരിധിയുണ്ട്, എന്നാൽ അവയിൽ - ചിലപ്പോൾ - മനുഷ്യൻ തനിക്കു ബോധിച്ചതുപോലെ ചെയ്തേക്കാം. നാം ഇഛിച്ചാൽ അവന്റെ ഇഷ്ടത്തിനു വിരുദ്ധമായി ജഡീകമായ ഇഛക്കു പൂർണ്ണമായി കീഴ്പ്പെട്ടുകൊണ്ട് നമുക്ക് ജീവിക്കുവാൻ കഴിയും. ദൈവം തരുന്ന അന്തരീക്ഷത്തിൽ, വായു ശ്വസിച്ച്, നാം ജീവിക്കുന്നു. ഓരോ നിമിഷവും അവന്റെ നന്മകൾ അനുഭവിച്ചുകൊണ്ടാണ് നാം ജീവിക്കുന്നതെങ്കിലും, അവനോടുകൂടെ നടക്കുവാൻ ദൈവം നമ്മെ നിർബന്ധിക്കയില്ല. നാം ഭൂമിയിൽ ജീവിക്കുന്ന കാലത്തോളം, അവനെ കൂടാതെയും, അവൻ തരുന്ന സഹായത്തെ അവഗണിച്ചുകൊണ്ടും, അവനിൽ നിന്നു ലഭിക്കുന്നശക്തികൊണ്ടും നാം ജീവിക്കുവാൻ ശ്രമിച്ചേക്കാം.

നമ്മുടെ ജീവിതത്തിൽ ദൈവം സജീവമായി, നമുക്കുവേണ്ടി തന്റെ ശക്തിയെ പ്രദർശിപ്പിക്കുന്നു (2 ദിനവൃത്താന്തം 16:9). നീതിമാനായ പുരുഷനോടുകൂടെ അവൻ നടക്കുകയും ശക്തിപ്പെടുത്തുകയും, അവനെ നിലനിർത്തുകയും ചെയ്യും, എന്നാൽ ദുഷ്ടനിൽ നിന്നു അവന്റെ കൂട്ടായ്മ പിൻവലിക്കും (സദൃശവാക്യങ്ങൾ 28:9). അവൻ മാനുഷികമായ അവന്റെ ഊർജ്ജത്തിൽനിന്നു ദൈവം അകന്നു പോകുകയോ - അല്ലെങ്കിൽ, നാം ചിലപ്പോൾ പറയുന്നതുപോലെ, “ജഡീകനായിപ്പോകും.” ഒരു മനുഷ്യന്റെ ഹൃദയം ശൂന്യമായിപ്പോകുന്നതു നിറക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു, അത് “ദൈവാ-കൃതിയാൽ മാത്രം”; എന്നാൽ ദൈവത്തെ കൂടാതെ ശുന്യത ഇല്ലാതെ ജീവിക്കുവാൻ ഒരു വ്യക്തി തിരഞ്ഞെടുത്തേക്കാം. അനുസരിക്കുന്ന വ്യക്തിയെ ദൈവം പ്രത്യേകമായി ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും അവനിൽ വസിക്കുകയും ചെയ്യും; എന്നാൽ ദൈവത്തിൽ നിന്നുള്ള കൃപയും അംഗീകാരവുമില്ലാതെ, ദൈവത്തിന്റെ പ്രത്യേക അനുഗ്രഹങ്ങൾ തള്ളിക്കളഞ്ഞ് ഒരാൾ ജീവിക്കാൻ ശ്രമിച്ചേക്കാം.

ദൈവത്തെ കൂടാതെ ഏത് രീതിയിലുള്ള ജീവിതമാണ് ഒരാൾക്ക് നയിക്കുവാൻ കഴിയുക? ഏത് തരത്തിലുള്ള നേട്ടമാണ് കൈവരിക്കുവാൻ കഴിയുക? അവൻ നമുക്ക് നൽകിയിരിക്കുന്ന സ്വാതന്ത്ര്യം നിമിത്തം തന്റെ ഇഷ്ടത്തിനും ആത്മീയ കുടുംബത്തിനുമപ്പുറമായി, ഒരളവുവരെ ജീവിക്കുവാൻ ദൈവം മനുഷ്യനെ അനുവദിക്കുന്നു. ആ അനുവാദം അവനെകൂടാതെ വിജയകരമായി തീരുവാൻ സഹായിക്കുന്നതു തന്നേ അവന്റെ കൃപയും ദയയും ധാർമികമായ സ്വാതന്ത്ര്യവും തന്നിരിക്കുന്നത് കൊണ്ടാണ്.

ദൈവത്തെക്കൂടാതെയുള്ള ജീവിത നേട്ടം കൈവരിച്ചു എന്നഭിമാനിച്ച ഒമ്രി, യിസ്രായേലിലെ ഏഴാമത്തെ രാജാവായി ബി. സി. 885 മുതൽ 874 വരെ

വാണു. നാലോ അഞ്ചോ വർഷം വിഭജിക്കപ്പെട്ടപ്പോഴും ആറോ അല്ലെങ്കിൽ ഏഴോ ഏക രാജാവിനെപ്പോലെയും ഭരിച്ചു.[1] മൂന്നാമത്തെ രാജവാഴ്ചയുടെ സ്ഥാപകനായിരുന്നു അവൻ, അത് നാലു രാജാക്കന്മാരാൽ മൂന്നു തലമുറകൾ നീണ്ടു നിന്നു. അതുവരെയുണ്ടായിരുന്ന വടക്കേരാജ്യത്തെ രാജാക്കന്മരും അക്രമണ കാരിയും കഴിവുള്ളവരും ആയിരുന്നു അവർ.

> യെഹൂദാരാജാവായ ആസയുടെ മുപ്പത്തൊന്നാം ആണ്ടിൽ ഒമ്രി യിസ്രായേലിൽ രാജാവായി പന്ത്രണ്ടു സംവത്സരം വാണു; തിർസ്സയിൽ അവൻ ആറു സംവത്സരം വാണു (16:23).

ഒമ്രിയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യം, അവന്റെ ജീവിതം ദൈവത്തെകൂടാതെ ഉള്ളതായിരുന്നു എന്നതാണ്. അവൻ അത്ഭുതകരമായ വിജയം നേടി, എന്നാൽ അത് ജഢീകായുധങ്ങളാൽ ആയിരുന്നു. അല്ലാതെ ദൈവ ശക്തിയാൽ ആയിരുന്നില്ല. ദൈവത്താൽ നൽകപ്പെട്ട തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം ഉപയോഗിച്ച് ഒരാൾക്ക് ദൈവത്തെക്കുടാതെ നേടാവുന്ന ഏറ്റവും വലിയ നേട്ടത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഒമ്രിയുടെ ചിത്രീകരണം ഉപയോഗിച്ച് ദൈവം നൽകിയ ഇഷ്ടദാനമായ സ്വതന്ത്ര തിരഞ്ഞെടുപ്പിൽ ദൈവത്തെ കൂടാതെ ഒരു മനുഷ്യന് ചെയ്യാൻ കഴിയുന്നത് നോക്കുക.

### ബലമുള്ള ശക്തി

ഒന്നാമത്, ഒമ്രി, ജഡത്തിൽ, മാനുഷികമായ ഊർജ്ജവും വലിയ ശക്തിയും സംഭരിച്ചു. അവൻ അറിയപ്പെട്ട പടയാളിയായിത്തീരുകയും യിസ്രായേലിനപ്പുറം അവന്റെ യുദ്ധ പാടവം എത്തുകയും ചെയ്തു. അവൻ വളർത്തിയെടുത്ത കഴിവിനെ പരിശുദ്ധാത്മാവ് രണ്ടു വാക്കുകളിൽ പറഞ്ഞിരിക്കുന്നു; "അവന്റെ പരാക്രമം." അവന്റെ ജീവിതം ചുരുക്കിപ്പറഞ്ഞ 16:27 ലെ വാക്കുകൾ ശ്രദ്ധിക്കുക:

> ഒമ്രി ചെയ്ത മറ്റുള്ള വൃത്താന്തങ്ങളും അവൻ ചെയ്ത *പരാക്രമപ്രവൃത്തികളും* യിസ്രായേൽ രാജാക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ എഴുതിയിരിക്കുന്നുവല്ലോ? (എംഫസിസ് മൈൻ.)

അന്യദേവന്മാരെ നമസ്കരിക്കുന്ന സമീപനത്തിലും, ഒമ്രി ഒരുപക്ഷേ ദേശത്തെ നാശത്തിൽ നിന്നു കരകയറ്റാൻ ശ്രമിച്ചിരിക്കാം. തിബ്നിയുടെ മരണശേഷം ഒമ്രിയുടെ ഉർജ്ജ്വസ്വലതയുള്ള നേതൃത്വം നിരാശപ്പെട്ട ദേശത്തിനു ഉറപ്പു ലഭിച്ചു. ഭിന്നതയാൽ ബലം ക്ഷയിച്ച യിസ്രായേൽ, അടുത്തുള്ള അരാമ്യ, അശൂര്യരാജ്യങ്ങൾക്ക് കീഴ്പ്പെടുമെന്ന നിലയിലായിരുന്നു. ശക്തമായ നേതൃത്വം ഉടനെ യിസ്രായേലിലുണ്ടായില്ലെങ്കിൽ, ദേശം ഉടനെ അവർ കീഴ്പ്പെടുത്തുമായിരുന്നു. ഒമ്രി ആവശ്യമായ സഹായം ചെയ്തു.

ഒമ്രിയുടെ നേതൃത്വം അത്രമാത്രം ശക്തമായിരുന്നതുകൊണ്ട് അശൂര്യ ഭരണാധികാരികളായിരുന്ന അദാദ്-നിരാരി, തിഗ്ലത്ത് പുലേസർ, സർഗ്ഗോൺ എന്നിവർ പാലസ്തീനെ വിളിച്ചത് "ഒമ്രിയുടെ വീട്" എന്നാണ് - ഒമ്രിയുടെ വാഴ്ച മറിച്ചിട്ട് ഒരു നൂറ്റാണ്ടിനു ശേഷം. അവൻ ഏറ്റവും കഴിവുള്ള യിസ്രാ

യേലിലെ ഭരണാധികാരികളിൽ ഒരാൾ എന്നറിയപ്പെട്ടു.

എങ്ങനെയായാലും, ഒമ്രിയുടേത്, കർത്താവിന്റെ ശക്തിയായിരുന്നില്ല, ജഡീകമായിരുന്നു. ഏതൊരു മാനുഷിക നേട്ടവും, കർത്താവിന്റെ ശക്തിയാൽ വരുന്നു എന്ന് ചിലർ പറയുന്നത് ശരിയല്ല. ദൈവം അതിനു അനുവദിക്കും, എന്നാൽ അവനത് നൽകണമെന്നില്ല. ഒമ്രി ശക്തനായിരുന്നു, എന്നാൽ യഹോവയിൽ ആയിരുന്നില്ല. ദാവീദ് യഹോവയിൽ ശക്തനായിരുന്നു; ഒമ്രി ജഡത്തിൽ ശക്തനായിരുന്നു. ആ വ്യത്യാസം തീർച്ചയായും ശ്രദ്ധിക്കേണ്ടതാണ്.

ഇന്ന് നമുക്കു ചുറ്റും നോക്കിയാൽ, ലോകത്തെ കീഴ്പ്പെടുത്തിയ സാമ്രാജ്യങ്ങളും, വിജയകരമായ സംഘടനകളും, ശക്തമായ പ്രസ്ഥാനങ്ങളും മാനുഷിക ദീർഘവീക്ഷണത്താലും കഠിനാദ്ധ്വാനത്താലും നേടിയെടുത്തതായി കാണുവാൻ കഴിയും. അവ ദൈവത്തിൽ നിന്നു വന്നതല്ല; അവ മനുഷ്യരുടെ ശക്തിയാൽ വന്നതാണ്. ആരെങ്കിലും യുദ്ധത്തിൽ സൈന്യത്തെ നയിക്കും, അത് വിജയത്തിലേക്ക് നീങ്ങും, അല്ലെങ്കിൽ ഒരു കൂട്ടം മുന്നേറുന്നത് ദൈവം അവരോടുകൂടെ ഉണ്ട് എന്നതിന്റെ തെളിവല്ല. അവയെല്ലാം ദൈവത്തിന്റെ പങ്കാളിത്തമില്ലാതെ ചെയ്യാവുന്നവയാണ്. വേണമെങ്കിൽ, ദൈവത്തെ കൂടാതെ പ്രവർത്തിക്കുവാൻ ആളുകൾക്ക് ബുദ്ധിയും, ഊർജവും, സ്വാതന്ത്ര്യവും അവൻ നൽകിയിട്ടുണ്ട്.

കുറച്ച് വർഷങ്ങൾക്ക് മുൻപ് ഒരു കായികാഭ്യാസി ലോകപ്രശസ്തി നേടി. അവന്റെ പേർ എല്ലാ വീട്ടിലുമെത്തി. അവൻ കളിച്ചപ്പോഴെല്ലാം, ജയിച്ചുവന്നു. അവൻ "നല്ല കളിക്കാരൻ" എന്ന പേരെടുത്തു. അവനോട് മൽസരിച്ചവർക്കെല്ലാം അവനെ ഭയമായിരുന്നു. ദൈവം അവനോടുകൂടെ ഉണ്ടായിരുന്നതിനാലെന്ന പോലെ അവന് പരാജയമില്ലായിരുന്നു. വർഷങ്ങൾ കടന്നുപോയപ്പോൾ, അവന്റെ "നല്ല നാളുകളിലെ" ജീവിതം പരസ്യമായി. അവൻ പാപത്തിൽ, സ്വാർത്ഥതയിൽ, മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ, കുപ്രസിദ്ധി നേടി. സ്വാഭാവിക കഴിവിനാലും, ഒരുക്കത്താലും, മാനുഷിക ബുദ്ധിയാലുമായിരുന്നു അവന്റെ ജയം - അതായത്, വെറും ജഡികം. അവൻ അത് കൈവരിച്ചത്, ദൈവത്തിന്റെ കൂട്ടായ്മയും സഹായവും ഇല്ലാതെയാണ്.

അതുപോലെ ആയിരുന്നു ഒമ്രിയും. അവന്റെ ആത്മാവും ഹൃദയവും ദൈവത്തെ അനുസരിക്കാതെയാണ് കഴിഞ്ഞതെങ്കിലും - അവൻ നേടിയതെല്ലാം ജഡിക ശക്തിയാലായിരുന്നു. അവനെ നോക്കി ആളുകൾ പറഞ്ഞേക്കാം, "ആ മനുഷ്യൻ വാസ്തവത്തിൽ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ" - എന്നാൽ യഥാർത്ഥത്തിൽ അവൻ ദൈവത്തിന്റെ സൗഹൃദയവലയത്തിനു പുറത്തായിരുന്നു. അവന് സ്വാഭാവിക കഴിവുകളും താലന്തും ലഭിച്ചിരുന്നു, എങ്കിലും തിരുവെഴുത്ത് അവനെ കുറിച്ചു പറയുന്നത് ദുഷ്ടനും ദൈവേഷ്ടത്തെ ലംഘിക്കുന്നവനും എന്നാണ്.

## പ്രായോഗിക വീക്ഷണം

മറ്റൊരു വിധത്തിൽ ഒമ്രി ശ്രേഷ്ഠനായത്, അവന്റെ ജഡിക ഊർജം പ്രായോഗിക ബുദ്ധിയിലും വീക്ഷണത്തിലും ഉപയോഗിച്ചതിനാലാണ്. അവൻ ദൈവത്തിന്റെ നായകത്വത്തിലേക്ക് വന്നപ്പോൾ, എളുപ്പത്തിൽ പ്രതിരോധിക്കാവുന്ന ഒരു പുതിയ തലസ്ഥാനം ദേശത്തിന് ആവശ്യമാണെന്ന് വിചാരിച്ചു. പുതിയ സ്ഥലം ശമര്യയായിരിക്കണമെന്ന് അവൻ തീരുമാനിച്ചു. യൊരേബയാം മുതൽ ഒമ്രി വരെ തലസ്ഥാനങ്ങളായിരുന്നത്, ശേഖേമും, പെനുവേലും,

തിർസയുമായിരുന്നു, എന്നാൽ അതു പോരാ എന്ന് ഒമ്രി തീരുമാനിച്ചു. സാധ്യതകളെല്ലാം ആരാഞ്ഞശേഷം, ശേമേറിന്റെ ഒരു കുന്ന് കണ്ടെത്തി. അവൻ ആ കുന്നിനെ "ശമര്യ" എന്നു വിളിച്ചു, അതിന്റെ അർത്ഥം ഒരുപക്ഷെ, "കോട്ടയുള്ള കുന്നു" എന്നായിരിക്കാം.

> പിന്നെ അവൻ ശേമേരിനോട് ശമര്യമല രണ്ട് താലന്ത് വെള്ളിക്കു വാങ്ങി ആ മലമുകളിൽ പട്ടണം പണിതു; അവൻ പണിത പട്ടണത്തിന് മലയുടമസ്ഥനായ ശേമേരിന്റെ പേരിൻപ്രകാരം ശമര്യ എന്നു പേരിട്ടു (16:24).

ശേഖേമിന്ന് ഏഴ് മൈൽ വടക്ക് പടിഞ്ഞാറായിട്ടാണ് ശമര്യമല സ്ഥിതി ചെയ്തിരുന്നത്. അതിനു ഇരുനൂറടി ഉയരമുണ്ടായിരുന്നതിനാൽ അവിടെനിന്നു ഏതുഭാഗത്തേക്കും ആക്രമിക്കാമായിരുന്നു. അതിന്റെ ഭൂപ്രകൃതി വ്യാപാരികളുടെ മാർഗത്തെ വീക്ഷിക്കാവുന്നതുമായിരുന്നു.

ഒമ്രി തന്റെ തലസ്ഥാനമായി അത് തിരഞ്ഞെടുത്തതിന്റെ പിന്നിലെ അവന്റെ ബുദ്ധിയെ ചരിത്രം ഉറപ്പിച്ചിട്ടുണ്ട്. ബി. സി. 722-ൽ വടക്കേ രാജ്യത്തിന്റെ അവസാനം വരെ ശമര്യയായിരുന്നു ദേശത്തിന്റെ തലസ്ഥാനം.

വിശുദ്ധന്മാർ ജ്ഞാനത്തിൽ കുറവുള്ളവരായിരുന്നില്ല. എങ്കിലും അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ അവരുടെ തീരുമാനങ്ങൾ പലപ്പോഴും സമൂഹത്തിന്റെയും ദേശത്തിന്റെയും നന്മക്കു കാരണമായി തീർന്നിട്ടുണ്ട്. എങ്ങനെയായാലും, അത്തരം തീരുമാനങ്ങളിൽ എപ്പോഴും ദൈവം അവരോടുകൂടെ ഉണ്ടെന്ന് ധരിക്കരുത്. ദൈവം അവനു നൽകിയ സുബോധമാണ് അവനെ നല്ല തീരുമാനം എടുക്കുവാൻ സഹായിക്കുന്നത്. നല്ല തീരുമാനങ്ങൾ പലപ്പോഴും നല്ല ഫലത്തെ പുറപ്പെടുവിക്കുന്നു.

തങ്ങളുടെ മക്കളെ സാമാന്യം നല്ല രീതിയിൽ വളർത്തുവാൻ നല്ല തീരുമാനങ്ങളെടുക്കുന്ന അന്യദേവന്മാരെ വണങ്ങുന്ന മാതാപിതാക്കളെ എനിക്ക് അറിയാം. അവർ മക്കളോടുകൂടെ സമയം ചെലവിടുകയും, മക്കളുടെ ആരോഗ്യം നോക്കുകയും, അവരുടെ ഭാവിക്കുവേണ്ടി പലതും ചെയ്യുകയും ചെയ്യും; എന്നാലും അവർ ദൈവത്തെ കൂടാതെയാണ് ജീവിച്ചിരുന്നത്.

ഒരു ടിവി പ്രോഗ്രാമിൽ, ഒരു കുടുംബം ഒത്തൊരുമിച്ച് വർഷത്തിലൊരിക്കൽ നന്ദിസൂചകമായി ഭക്ഷണം കഴിക്കുന്നത് കാണിക്കുകയുണ്ടായി. ആ ഉയർന്ന തരത്തിലുള്ള കുടുംബം സ്നേഹം, സ്വീകാരം, സമാധാനം, ബന്ധം എന്നിവ പുതുക്കിക്കൊണ്ടിരുന്നു. പുറമെ നിന്നു നോക്കിയാൽ, ഒരു വീട്ടിലെ ഓരോരുത്തരും ആഗ്രഹിക്കന്നതെല്ലാം അവർക്കിടയിലുണ്ടായിരുന്നു. അവർ ഭക്ഷണത്തിനായിരിക്കുമ്പോൾ, അപ്പൻ അവരോട് ഓരോരുത്തരോടായി നന്ദി പറയുവാൻ എന്തെങ്കിലും ഉണ്ടോ എന്ന് ചോദിക്കും. അവർ മേശെക്ക് ചുറ്റുമായി നടന്നു അവരുടെ നന്ദി പ്രകടിപ്പിക്കും. ഒരു ആശയം, അവിടെ നഷ്ടമാകുന്നു: ദൈവത്തെക്കുറിച്ച് പറഞ്ഞില്ല. ആ കുടുംബത്തിന് ദൈവത്തോട് നന്ദിയില്ലായിരുന്നു. അത് നമ്മുടെ ഹൃദയത്തെ വേദനിപ്പിക്കും. ആ രംഗം പലപ്പോഴായി കാണിക്കുന്നുണ്ട്. എല്ലാം അതാത് സ്ഥാനത്താണ് – വീട്, കുടുംബം, ആഹാരം തമാശ, ഉഷ്മളത എല്ലാമുണ്ട്. എന്നാൽ അത് ദൈവമില്ലാത്ത ജീവിതമാണ്!

ഒമ്രി തീർച്ചയായും ബുദ്ധിയുള്ള ഒരു മനുഷ്യനായിരുന്നു. അവന് ദേശത്തെക്കുറിച്ച് ഒരു ദീർഘവീക്ഷണം ഉണ്ടായിരുന്നു. അവൻ ചില നല്ല തീരുമാ

നങ്ങൾ എടുത്തിരുന്നു. എങ്കിലും അവൻ ഭയങ്കരമായ അന്ധതയിലായിരുന്നു: അവൻ പൂർണമായും ദൈവത്തെക്കൂടാതെയാണ് ജീവിച്ചിരുന്നത്. അവനെ നയിച്ചത് ജഡീക കരങ്ങളായിരുന്നു, അല്ലാതെ ദൈവകരങ്ങളായിരുന്നില്ല.

## സ്ഥിര കുപ്രസിദ്ധി

ഒമ്രിയുടെ ജീവിതത്തിലെ ദൈവത്തെക്കൂടാതെയുള്ള മറ്റൊരു നേട്ടമായിരുന്നു കുപ്രസിദ്ധി. കുറച്ച് ആളുകൾക്ക് മാത്രം ലഭിക്കുന്ന പ്രചാരമാണ് അവന് ലഭിച്ചിരുന്നത്. ഒമ്രിയുടെ പേർ യിസ്രായേലിൽ മാത്രമായിരുന്നില്ല, യിസ്രായേലിനു പുറത്തും ആദരിക്കപ്പെട്ടിരുന്നു.

യഹൂദ രാജാക്കന്മാരിൽ അവന്റെ പേർ ആണ് ആദ്യം *അശൂര്യരുടെ മേലെഴുത്തുകളിൽ*, മോവാബ്യ കല്ലുകളിൽ എഴുതപ്പെട്ടത്. പുരാതന മോവാബ്യ ടൗൺ ആയിരുന്ന ടിബോണിലെ നാശനഷ്ടങ്ങൾ സന്ദർശിക്കുവാൻ ഒരു ജർമ്മൻ മിഷ്ണറി, 1968 ആഗസ്റ്റ് 19 നു പോയി. അദ്ദേഹം താമസിച്ചിരുന്ന ആറ്റെന്റിൽ നിന്ന് പത്ത്-മിനിറ്റ് നടന്നാൽ ഒരു മേലെഴുത്ത് കല്ല് കാണാമെന്ന് ഒരു ഷേക്ക് അദ്ദേഹത്തോട് പറഞ്ഞു. ആ സ്ഥാനത്ത് എത്തിയപ്പോൾ, ഒരു കറുത്ത സ്ലാബ് പോലെയുള്ള ഒരു ശില കണ്ടു, അതിന് $10^1/_2$ ഇഞ്ച് ഘനവും, രണ്ട് അടി വീതിയും, മൂന്നടി പത്തിഞ്ച് ഉയരവും, മുകളിൽ അർദ്ധ വൃത്താകൃതിയുമായിരുന്നു. ആ മേലെഴുത്ത് മുപ്പത്തി-നാല് വരികൾ നീളത്തിലായിരുന്നു.[2]

പല അദ്ധ്വാനത്തിന്റേയും കൂടിആലോചനയുടേയും, ഫലമായി ആ കല്ലിനെ രൂപപ്പെടുത്തി, തർജ്ജിമകളും ചെയ്തിരിക്കുന്നു. അഞ്ചാമത്തെ വരിയിലും ഏഴാമത്തെ വരിയിലും ഒമ്രിയുടെ പേരെഴുതിയിരിക്കുന്നു. മോവാബ്യ രാജാവായിരുന്ന മേശ ആണ്, ഒമ്രിയുടെ പേർ കല്ലിൽ എഴുതിയ ആൾ:

> യിസ്രായേലിന്റെ രാജാവായിരുന്ന ഒമ്രി, പല പ്രാവശ്യം മോവാബ്യരെ ആക്രമിച്ചു, ...
>
> ... ഇപ്പോൾ ഒമ്രി മെദേബാദേശം മുഴുവൻ കൈവശപ്പെടുത്തുകയും, അവന്റെ കാലത്തിലും അവന്റെ മക്കളുടെ [അവന്റെ മകന്റെ], കാലത്തും നാല്പത് വർഷം താമസിച്ചിരുന്നു; ...[3]

ആ കല്ലിൽ മേലെഴുത്ത് എഴുതിയ മോവാബ്യ രാജാവായിരുന്ന മേശയെക്കുറിച്ച് 2 രാജാക്കന്മാർ 3:4-ൽ പറഞ്ഞിരിക്കുന്നു:

> മോവാബ് രാജാവായ മേശെക്കു അനവധി ആടുണ്ടായിരുന്നു; അവൻ യിസ്രായേൽ രാജാവിനു 100,000 കുഞ്ഞാടുകളുടെയും 100,000 ആട്ടുക്കൊറ്റന്മാരുടേയും രോമം കൊടുത്തുവന്നു.

ആ കല്ലിൽ മേശ പൊങ്ങച്ചമായിരുന്നു എഴുതിയത്. അവന്റെ അപ്പനെ ഒമ്രി തോൽപ്പിച്ചിരുന്നു, എന്നാൽ അവന്റെ അപ്പൻ നഷ്ടപ്പെടുത്തിയത് അവൻ വീണ്ടെടുത്തു. ദേശം കൈക്കലാക്കിയതിനായിരുന്നു മേശ തന്നെത്താൻ പുകഴ്ത്തിയത്. കല്ലിൽ മേലെഴുത്തു നടത്തിയത് മേശയുടെ വാഴ്ചയുടെ അവസാന കാലത്തായിരുന്നു, അത് ആഹാബ് മരിച്ചശേഷമായിരുന്നു. തന്റെ വാഴ്ചക്കാലത്ത് ഒമ്രി എത്ര ശക്തനായിരുന്നു എന്ന് ആ എഴുത്തു സൂചിപ്പിക്കുന്നു. ഒമ്രി നല്ല സൈന്യത്തെ തന്റെ രാജ്യത്ത് വളർത്തിയെടുത്തു എന്ന്

അവ സാക്ഷ്യപ്പെടുത്തുന്നു, മോവാബ്യരുടെ നിലവാരത്തിൽ വിപ്ലവം നിമിത്തം ബലഹീനരായ ദേശത്തെ പരാജയപ്പെടുത്തുകയും ചെയ്തു. അതിനർത്ഥം അവൻ കഴിവുള്ള വ്യക്തിയായിരുന്നു – രാജ്യത്തെ നിലനിർത്തുവാനും വികസിപ്പിക്കുവാനും കഴിഞ്ഞിരുന്നു. മേശയുടെ പൊങ്ങച്ചം ഏതാണ്ട് ഇതുപോലെയായിരുന്നു, "നിങ്ങൾക്കറിയാമോ ആരാണ് വലിയവൻ എന്ന്? അവൻ പിടിച്ചെടുത്ത ദേശത്തെ ഞാൻ കരസ്ഥമാക്കി. അതിനർത്ഥം. ഞാനാണ് വലിയവൻ, വലിയവനേക്കാൾ വലിയവൻ!"

അതെ, ഒമ്രി യിസ്രായേലിനകത്തും പുറത്തും കുപ്രസിദ്ധി ആർജിച്ചിരുന്നു, പക്ഷെ അവൻ ദൈവത്തെ കുടാതെയാണ് അത് നേടിയെടുത്തത്. അവന്റെ ആത്മിയാവസ്ഥയെ കുറിച്ച് പറഞ്ഞ് ബൈബിൾ വാക്കുകൾ പാഴാക്കിയില്ല. അവന് മുൻപുണ്ടായിരുന്നവരേക്കാൾ അവൻ ദുഷ്ടനായിരുന്നു എന്നാണ് അതു പറയുന്നത്.

> ഒമ്രി യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു. തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും ദോഷം പ്രവർത്തിച്ചു. എങ്ങനെയെന്നാൽ, അവൻ നെബാത്തിന്റെ മകനായ യൊരേബയാമിന്റെ എല്ലാ വഴിയിലും യിസ്രായേലിന്റെ ദൈവമായ യഹോവയെ തങ്ങളുടെ മിത്ഥ്യാമൂർത്തികളാൽ കോപിപ്പിക്കത്തക്കവണ്ണം യിസ്രായേലിനെ കൊണ്ട് പാപം ചെയ്യിച്ച പാപങ്ങളിലും നടന്നു (16:25, 26).

അവൻ തന്റെ മകനായ ആഹാബിനെ ഈസെബേലിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചത്, ഒരുപക്ഷെ സോർ പട്ടണവുമായുണ്ടാക്കിയ ഉടമ്പടിയുടെ ഭാഗമായിരുന്നേക്കാം, അത് യിസ്രായേലിനെ വർഷങ്ങളോളം ബാധിക്കുന്ന ഒരു ബാധയായിത്തീർന്നു. ആഹാബിനെ കുറിച്ച് അതു പറഞ്ഞു:

> നെബാത്തിന്റെ മകനായ യൊരേബയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നുമാറ്, അവൻ സീദോന്യരാജാവായ എത്ത്ബാലിന്റെ മകളായ ഈസെബേലിനെ ഭാര്യയായി പരിഗ്രഹിക്കുകയും, ബാലിനെ ചെന്ന് സേവിച്ച് നമസ്ക്കരിക്കയും ചെയ്തു (16:31).

ഒമ്രി ദൈവത്തെ കുടാതെ നടന്നു, അവന്റെ മകൻ അവന്റെ സ്വഭാവത്താൽ സ്വാധീനിക്കപ്പെട്ടു.

**ഉപസംഹാരം**

യിസ്രായേലിലെ വലിയ രാജാക്കന്മാരിൽ ഒരാളായിരുന്നു ഒമ്രി. അവൻ ദേശത്തെ ഐക്യതയിലും, ഫലപ്രദമായ സൈന്യത്തെ വളർത്തിയെടുക്കുന്നതിലും, അന്തർദ്ദേശിയ പ്രചാരത്തിലെത്തിക്കുവാനും കഴിവുള്ളവനായിരുന്നു. അവന്, ശക്തിയും, കാഴ്ച്ചപ്പാടും, കുപ്രസിദ്ധിയുമുണ്ടായിരുന്നു. എങ്ങനെയായാലും, അവന്റെ വിജയം, ജഡികവും, മാനുഷവും, ഭൗതികവുമായിരുന്നു.

മുൻപുണ്ടായിരുന്ന ദുഷ്ടരാജാക്കന്മാരുടേതിനേക്കാൾ അതിശയിപ്പിക്കുന്ന വാഴ്ച്ചയായിരുന്നു ഒമ്രിയുടേത്, അതിനാൽ "ഒമ്രിയുടെ കൽപനകൾ" "യഹോവയുടെ കൽപനകൾക്ക്" കടകവിരുദ്ധമായിരുന്നു. പിന്നീട് മീഖായുടെ കാലത്ത്, ആരുടെയെങ്കിലും സ്വഭാവം മോശമായിത്തീർന്നാൽ, അയാ

ളെക്കുറിച്ച് പറയും, “നീ ഒമ്രിയുടെ കൽപനപ്രകാരമാണ് ജീവിക്കുന്നത്.” മീഖാ 6:16 പറയുന്നു, “ഒമ്രിയുടെ ചട്ടങ്ങളും ആഹാബ് ഗൃഹത്തിന്റെ സകല പ്രവൃത്തികളും പ്രമാണമാക്കിയിരിക്കുന്നു ...”

ഒമ്രി യെഹൂദാ രാജാവായിരുന്ന ആസയുടെ മുപ്പത്തി–എട്ടാമാണ്ടിൽ തന്റെ മകന് സിംഹാസനം ഒഴിഞ്ഞുകൊടുത്തു. അവനെ കുറിച്ച് മറ്റൊന്നും പറയുവാനില്ല. മറ്റാരുടെയെങ്കിലും മരണമായിരുന്നുവെങ്കിൽ, അവൻ കർത്താവിനോടുകൂടെ ആകുവാൻ എടുക്കപ്പെട്ടു, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും പറയും, എന്നാൽ ദൈവത്തെ കുടാതെ ജീവിച്ച ഒരു മനുഷ്യനെ കുറിച്ച് മറ്റെന്തു പറയുവാൻ? മൂന്നു കാര്യങ്ങൾ മാത്രം: അവൻ മരിച്ചു; അവൻ അടക്കപ്പെട്ടു; അവന്റെ മകൻ അവനു പകരം രാജാവായി.

> ഒമ്രി തന്റെ പിതാക്കന്മാരെ പോലെ നിദ്ര പ്രാപിച്ചു; ശമര്യയിൽ അവനെ അടക്കം ചെയ്തു; അവന്റെ മകനായ ആഹാബ് അവനു പകരം രാജാവായി (16:28).

ദൈവത്തെ കൂടാതെയുള്ള ഏതു വിജയവും, ശൂന്യവും, പൊള്ളയും, അവസാനം നിരാശാജനകവുമാണെന്ന സത്യമാണ് ഒമ്രിയുടെ ജീവിതവും, മരണവും നിശബ്ദമായി സാക്ഷ്യപ്പെടുത്തുന്നത്. ദൈവം നമുക്ക് നൽകിയ സ്വാതന്ത്ര്യം നിമിത്തം, നാം അവനെ കൂടാതെ ചിന്തിക്കുകയും, സംസാരിക്കുകയും, നമുക്ക് ഇഷ്ടമുള്ളതെന്തും ചെയ്യുകയും ചെയ്യും. എങ്ങനെയായാലും, നാം ദൈവത്തെ കൂടാതെ ജീവിച്ചാൽ, ദൈവത്തിനുമാത്രം നിറക്കുവാൻ കഴിയുന്ന ഒരു ശൂന്യത നമുക്ക് അനുഭവപ്പെടും. അപ്പോൾ ദൈവം തന്റെ മക്കൾക്ക് മാത്രം നൽകുന്ന അനുഗ്രഹങ്ങൾ നമുക്ക് നഷ്ടമാകും. എല്ലാറ്റിലുമുപരിയായി, നാം അവസാന നാളിൽ അന്തിമ വിധികർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ, നമ്മുടെ ജീവിതം “പരാജയമായി!” മുദ്ര കുത്തും. ഒരു പരിധി വരെ ദൈവത്തെ കൂടാതെ ജീവിക്കുവാൻ കഴിയും എന്നു നമുക്ക് അറിയാം. എന്നാൽ അവന്റെ കൂട്ടായ്മ കൂടാതെ അവൻ ഉദ്ദേശിച്ച ജീവിതം നയിക്കുവാൻ നമുക്ക് സാധ്യമല്ല. ഇവിടെ നാം അവനെ കൂടാതെ ജീവിച്ചാൽ, നിത്യതയിൽ ദീർഘകാലം അവനെ കൂടാതെ ജീവിക്കേണ്ടി വരും.

**പഠിക്കേണ്ട പാഠം:**
**ദൈവത്തെ കൂടാതെ ഒരാൾക്ക്**
**ഒരു പരിധി വരെ ജീവിക്കാം**
**എന്നാൽ അതു ശൂന്യവും നിഷ്ഫലവുമാണ്.**